പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ : *333 23.08.2017-ൽ മറുപടിയ്ക്ക്

## പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണം

ചോദ്യം

ശ്രീ.സണ്ണി ജോസഫ്
,, പി.ടി. തോമസ്
,, വി.ടി.ബൽറാം
,, അനിൽ അക്കര

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്നതിന് ഈ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. പ്രാഥമിക വായ്പാ സംഘങ്ങളിൽ കോർ ബാങ്കിംഗ് നടപ്പാക്കുന്ന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 26 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വിവിധ വായ്പകളുടെ പരിധി വർദ്ധിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 13.01.2017-ലെ 07/2017-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |
| (ബി) | എന്തെല്ലാം വിവിധോദ്ദേശ്യ പദ്ധതികളാണ് നബാർഡിന്റെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ; | (ബി) | നബാർഡിൽ നിന്നും ലഭിക്കുന്ന റീഫിനാൻസ് സ്വീകരിച്ച് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന കാർഷിക വായ്പ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണം എങ്ങനെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) | എല്ലാ സഹകരണസംഘങ്ങൾക്കും ഒറ്റ സോഫ്റ്റ് വെയർ അഥവാ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളേയും, ഒരു ഏകീകൃത സോഫ്റ്റ് വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. 31/03/2017 നകമായി എല്ലാ പ്രാഥമിക കാർഷിക സഹകരണസംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയത് നടപ്പാക്കുന്നതിന് 2016-17 ൽ ആകെ 26 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.<br>ഏകദേശം 35 ശതമാനത്തോളം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 45 അർബൻ സഹകരണ ബാങ്കുകളിലും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

സി.ജി.(1)198/17.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 13.01.2017.

**<u>സർക്കുലർ 7/2017.</u>**

വിഷയം: സഹകരണ വകുപ്പ്-പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ, ബൈലാ വ്യവസ്ഥ പ്രകാരം വായ്പ നൽകുന്ന മറ്റ് സംഘങ്ങൾ എന്നിവയിൽ നിന്നും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന:
1. സഹകരണ സംഘം രജിസ്ട്രാറുടെ 22.04.2014 ലെ 16/2014–ാം നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 11.01.2017ലെ 6/2017–ാം നമ്പർ സർക്കുലർ.

......

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ, ബൈലാ വ്യവസ്ഥ പ്രകാരം വായ്പ നൽകുന്ന മറ്റ് പ്രാഥമിക സംഘങ്ങൾ എന്നിവയിൽ നിന്നും അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും പുതുക്കി നിശ്ചയിച്ചുകൊണ്ട് സൂചന (2) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (2) സർക്കുലറിൽ ഒരു സംഘത്തിൽ നിന്നും ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി നിശ്ചയിച്ചിട്ടുള്ളത് ചില സ്ലാബുകളിൽ സൂചന (1) പ്രകാരം നിലവിലുണ്ടായിരുന്ന പരിധിയിൽ നിന്നും കുറഞ്ഞു പോയതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽസംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ

സംഘങ്ങൾ, ബൈലാ വ്യവസ്ഥ പ്രകാരം വായ്പ നൽകുന്ന മറ്റ് പ്രാഥമിക സംഘങ്ങൾ എന്നിവയിൽ നിന്നും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി പുതുക്കി നിശ്ചയിച്ചുകൊണ്ട് ചുവടെ പറയും പ്രകാരംമാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി (തുക ലക്ഷത്തിൽ) | | |
|---|---|---|---|
| | | സർക്കുലർ 16/14 പ്രകാരം ഉള്ളത്. | പുതുക്കിയത്. |
| 1 | ഒരു കോടി രൂപ വരെ നിക്ഷേപമുള്ള സംഘങ്ങൾക്ക് | 5.00 | 5.00 |
| 2 | 1 കോടി രൂപയ്ക്ക് മുകളിൽ 5 കോടി രൂപ വരെ | 7.00 | 7.00 |
| 3 | 5 കോടി രൂപയ്ക്ക് മുകളിൽ 10 കോടി രൂപ വരെ | 10.00 | 10.00 |
| 4 | 10 കോടി രൂപയ്ക്ക് മുകളിൽ 25 കോടി രൂപ വരെ | 25.00 | 30.00 |
| 5 | 25 കോടി രൂപയ്ക്ക് മുകളിൽ 50 കോടി രൂപ വരെ | 40.00 | 45.00 |
| 6 | 50 കോടി രൂപയ്ക്ക് മുകളിൽ 100 കോടി രൂപ വരെ | 50.00 | 50.00 |
| 7 | 100 കോടി രൂപയ്ക്ക് മുകളിൽ 500 കോടി രൂപ വരെ | 50.00 | 55.00 |
| 8 | 500 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സംഘങ്ങൾക്ക് | 50.00 | 60.00 |

സംഘങ്ങൾ/ബാങ്കുകൾ അവരുടെ ബൈലായിൽ പുതുക്കിയ പരിധിയിലുള്ള ഐ.എം.ബി.പി ( IMBP ) വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.സൂചന (2) സർക്കുലറിൽ പരാമർശിച്ചിട്ടുള്ള വായ്പ പരിധിയും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും തുടരുന്നതാണ്.

ഒപ്പ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:

1. രജിസ്ട്രാർ
   കേരള ഹൈക്കോടതി – ഉപരിപത്രം സഹിതം
   എറണാകുളം.

2. സെക്രട്ടറി
കേരള നിയമസഭ – ഉപരിപത്രം സഹിതം
തിരുവനന്തപുരം
3. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
തിരുവനന്തപുരം
4. മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന സഹകരണ ബാങ്ക്
തിരുവനന്തപുരം.
5. മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
തിരുവനന്തപുരം
6. ജനറൽ മാനേജർ
എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
7. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
8. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
9. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
10. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
11. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും(ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
12. എഡിറ്റർ സഹകരണ വീഥി / സഹകരണ ജേർണൽ
13. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
14. വെബ്സൈറ്റ്
15. സ്റ്റോക്ക് ഫയൽ/സ്പെയർ.

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)

സെക്ഷൻ ഓഫീസർ